# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1382 — 03.12.2015-ൽ മറുപടിയ്ക്ക്

## റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ.എം.മാണി | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) | വർദ്ധിച്ചുവരുന്ന റോഡ് അപകടങ്ങളുടെ പ്രധാന കാരണം റോഡുകളുടെ ശോചനീയാവസ്ഥയാണെന്നത് പരിഗണിച്ച്, ടാർ റോഡ് വീതികൂട്ടൽ, ബസ്ബേ നിർമ്മാണം, മേൽനടപ്പാലങ്ങൾ തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ അപകട സാധ്യത കുറയ്ക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) | കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കി വരുന്ന നഗര റോഡു വികസന പദ്ധതികളിൽ റോഡ് അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്.അന്താരാഷ്ട്ര നിലവാരത്തിലാണ് പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകൾ രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചിട്ടുള്ളത്. റോഡുകളിൽ നടക്കുന്ന ഭൂരിഭാഗം അപകടങ്ങളും അശ്രദ്ധമായി വാഹനം ഓടിക്കുന്നതുൾപ്പെടെ റോഡ് ഉപയോഗിക്കുന്നവരുടെ അശ്രദ്ധ മൂലമാണ് ഉണ്ടാകുന്നത്. റോഡുകൾ ഏതെങ്കിലും തരത്തിൽ തകർച്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ റോഡുകളെ അപകടരഹിതമാക്കുന്നതിനും സുരക്ഷ വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തിലുടനീളമുള്ള എല്ലാ റോഡുകളുടെയും സുരക്ഷാ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതാണ്. 589.99 കോടി രൂപയുടെ ഭരണാനുമതിയുള്ള എസ്റ്റിമേറ്റ് ഫണ്ടിന്റെ ദൗർലഭ്യം മൂലം ഇത് ഘട്ടം ഘട്ടമായി തരം തിരിക്കുന്നതിനായി നാറ്റ്പാക്കിനെ ചുമതലപ്പെടുത്തുകയും ഒന്നാം ഘട്ടം എന്ന നിലയിൽ 53.32 കോടി രൂപയുടെ എസ്റ്റിമേറ്റ് ട്രാഫിക് സാന്ദ്രത, അപകടനിരക്ക് കൂടിയ റോഡുകൾ എന്നിവയെ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ലഭ്യമായുള്ള റോഡുകളിൽ ഉപരിതലം വീതി കൂട്ടുന്നതുൾപ്പെടെ ബസ്ബേ നിർമ്മാണം തുടങ്ങിയവ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് ഏറ്റെടുത്തുവരുന്നു. തിരക്കേറിയ ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച് പരിശോധനയിലാണ്. |
| (ബി) | തിരക്കേറിയ റോഡുകളിൽ കാൽനടയാത്രക്കാർക്ക് റോഡ് ക്രോസിംഗിനുള്ള മേൽപാലങ്ങൾ, അണ്ടർ പാസുകൾ എന്നിവ നിർമ്മിക്കുന്നതിലേക്ക് ഏതെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു ; വിശദമാക്കുമോ ? | (ബി) | ഗതാഗതത്തിരക്കുള്ള സ്ഥലങ്ങളിൽ അടിപ്പാതകൾ, മേൽപാലങ്ങൾ എന്നിവ ആവിഷ്കരിക്കുന്നതിനായി നാറ്റ്പാക് തുടങ്ങിയ ഏജൻസികൾ മുഖേന പല പദ്ധതികളുടെയും പഠനം നടന്നുവരുന്നു. കോട്ടയത്ത് മേൽപ്പാലവും, ' തിരുവനന്തപുരത്ത് മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി ജംഗ്ഷനുകളിൽ അണ്ടർ പാസുകളും നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയായിവരുന്നു. |

സെക്ഷൻ ഓഫീസർ